**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4836** **20-07-2022 - ൽ മറുപടിയ്ക്ക്**

**റസ്റ്റ് ഹൗസ് വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ എത്ര റസ്റ്റ് ഹൗസുകൾ നവീകരിച്ചു; പൊതുജനങ്ങൾക്ക് അവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ നവീകരിച്ച റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. 2021 നവംബർ 1 മുതൽ പൊതുജനങ്ങൾക്കുകൂടി ലഭ്യമാകുന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ച പരാതികളും സംശയങ്ങളും വിളിച്ചറിയിക്കുന്നതിനായി ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിനു കീഴിലായി 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസുകൾ ലഭ്യമാക്കിയ വകയിൽ 2022 മേയ് 31 വരെ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസുകൾ ലഭ്യമാക്കിയ വകയിൽ 2022 മെയ് 31 വരെ 2,23,51,000/- (രണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തി ഒന്നായിരം) രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | ഡിവിഷൻ | നവീകരിച്ച റസ്റ്റ് ഹൗസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 8 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 7 |
| 5 | കോട്ടയം | 10 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 8 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 8 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 5 |
| 14 | കാസർഗോഡ് | 4 |
| | **ആകെ** | **82** |